# കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ തലശ്ശേരി വളവുപാറ റോഡ് വികസനത്തിനുവേണ്ടി ഭൂമിയേറ്റെടുക്കുന്നതിനുള്ള പദ്ധതിയുടെ സാസമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ ശുപാർശക്കുറിപ്പ്

**തീയ്യതി: 14.09.2018**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ പായം വിളമന വില്ലേജുകളിലായി തലശ്ശേരി വളവുപാറ റോഡ് വികസനത്തിനുവേണ്ടി ഭൂമിയേറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെക്കുറിച്ച് **'കെയ്റോസ് കണ്ണൂർ'** എന്ന ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വിയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ദ്ധസമിതി കണ്ണൂർ ജില്ല കളക്ടറുടെ 13.08.2018..ാം തീയ്യതിയിലെ DCKNR/12595/18/C2 നമ്പർ ഉത്തരവ് പ്രകാരം രൂപവൽക്കരിച്ചിരുന്നു. ഈ സമിതി 11.09.2018 തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് പായം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ വെച്ച് പ്രാഥമിക യോഗം ചേർന്ന് പഠനറിപ്പോർട്ടിലെ കാര്യങ്ങൾ ചർച്ച ചെയ്യുകയും പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 14.09.2018 തീയ്യതി ഉച്ചക്ക് ശേഷം 3 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ യോഗം ചേർന്ന് കാര്യങ്ങള വിലയിരുത്തുകയും ചെയ്തു.

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഉൾപ്പെട്ട പായം വില്ലെജിലൂടെ കടന്നുപോകുന്ന തലശ്ശേരി-വളവുപാറ റോഡിൽ, ഇരിട്ടി പഴയപാലം മുതൽ ഗസ്റ്റ് ഹൗസ് പരിസരം വരെ റോഡിന്റെ വടക്കുഭാഗത്തുള്ള റിസർവ്വെ നമ്പർ 1/1 ൽപെട്ട 0.5500 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

സാമൂഹ്യാഘാത പഠന റിപ്പോർട്ടിലുള്ള കാര്യങ്ങളും സ്ഥലപരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും വിശകലനം ചെയ്ത് ഈ സമിതി താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. കണ്ണൂർ ജില്ലയിലെ പ്രധാന പട്ടണങ്ങളായ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ എന്നിവയേയും കണ്ണൂർ അന്തരാഷ്ട്ര വിമാനത്താവളത്തെയും കർണ്ണാകടത്തിലെ കുടക്, മൈസൂർ, ബേംഗ്ലൂർ എന്നീ നഗരങ്ങളേയും ബന്ധപ്പെടുത്തുന്ന പ്രധാന റോഡാണ് തലശ്ശേരി-വളവുപാറ റോഡ്. ലോകബാങ്ക് സഹായത്തോടുകൂടി ഈ റോഡ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേരള സർക്കാറിന്റെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള KSTP ഡിവിഷനാണ് സ്വീകരിച്ചു വരുന്നത്. ആയതിനാൽ നിർദ്ദിഷ്ട ഭൂമിയെറ്റടുക്കുന്നത് പൊതു ആവശ്യത്തിനുവേണ്ടിയാണ്.

2. തലശ്ശേരി-വളവുപാറ റോഡ് വികസനവുമായി ബന്ധപ്പെട്ട്, ഇരിട്ടി പാലത്തിനുസമാന്തരമായി പുതിയൊരു പാലം നിർമ്മിക്കുന്നതിനുള്ള റോഡ് വികസനത്തിനാണ് സ്ഥലം ഏറ്റെടുക്കുന്നത്. ടി റോഡിന്റെ തെക്ക് ഭാഗത്ത് ഇരിട്ടി പുഴയാണ്. ആയതിനാൽ പുഴയോട് ചേർന്നിരിക്കുന്നഭാഗത്ത് ഭൂമിലഭ്യമല്ല. അതിനാൽ റോഡിന്റെ വടക്കുഭാഗത്തുള്ള മേൽ സൂചിപ്പിച്ച ഭൂമി ലഭിച്ചാൽ മാത്രമേ ഈ ഭാഗത്തെ വികസനം സാധ്യമാകുകയുള്ളൂ. ആയതിനാൽ പകരം ഭൂമി ഏറ്റെടുക്കേണ്ടതില്ല.

3. താമസഗൃഹങ്ങളൊന്നും ഈ ആവശ്യത്തിനുവേണ്ടി ഏറ്റെടുക്കുന്നില്ല. ആയതിനാൽ കുടിയൊഴിപ്പിക്കലിന്റെയോ പുനരധിവാസത്തിന്റേയോ പ്രശ്നങ്ങളില്ല.

4. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് 50 ഓളം കായ്ഫലമുള്ള തെങ്ങുകളുണ്ടെങ്കിലും സ്ഥലമുടമകൾ ഇവയിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ചല്ല ജീവിക്കുന്നതെന്ന് പഠനറിപ്പോർട്ടിൽ കാണുന്നു. ആയതിനാൽ തൊഴിലിനോ, വരുമാനത്തിനോ കൃഷിക്കോ ആഘാതങ്ങളില്ലെന്ന റിപ്പോർട്ടിനോട് യോജിക്കുന്നു.

5. **പാരിസ്ഥിതിക ആഘാതം**

പുതിയതായി നിർമ്മിക്കുന്ന ഇരിട്ടി പാലം മുതൽ ഗസ്റ്റ് ഹൗസ് പരിസരം വരെ റോഡിന്റെ വടക്കു ഭാഗത്ത് സ്ഥിതചെയ്യുന്ന ചെങ്കുത്തായ കുന്ന് ഇടിച്ച് താഴ്ത്തിയാണ് നിലവിലുള്ള റോഡിന്റെ വീതി കൂട്ടുന്നത്. അപ്രകാരം ചെയ്തശേഷം അവശേഷിക്കുന്ന ഭാഗം വളരെ ഉയർന്ന് നിൽക്കുമെന്നതിനാൽ ആ ഭാഗം നിരന്തരമായി ഇടിഞ്ഞു വീഴാനുള്ള സാധ്യതയുണ്ട്. ആയതിനാൽ ആ ഭാഗത്ത് പാരിസ്ഥിതിക ആഘാതമുണ്ടാകാൻ സാധ്യതയുണ്ട്. അത് പരിഹരിക്കുന്നതിനായി ആ ഭാഗത്തുള്ള മണ്ണ് ഇടിച്ചു താഴ്ത്തുന്നത് വളരെ സൂക്ഷ്മമായും ശാസ്ത്രീയമായും ഉള്ള രീതിയിലാവണമെന്ന് ശുപാർശ ചെയ്യുന്നു കൂടാതെ ഇവിടെ കുന്ന് ഇടിച്ച് താഴ്ത്തുമ്പോൾ പദ്ധതി പ്രദേശത്തിലൂടെ ഇരിട്ടിക്കുന്ന എന്ന പ്രദെശത്തേക്ക് പോകുന്ന റോഡ് ഗതാഗത സൗകര്യം തടസ്സപ്പെടുന്ന രീതിയിലാവരുത് നിർമ്മാണമെന്ന് ശുപാർശചെയ്യുന്നു.

മേൽ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനതതിൽ തലശ്ശേരി-വളവുപാറ റോഡിന്റെ വികസനത്തിനായുള്ള നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കേണ്ടത് അത്യാന്താപേക്ഷിതമാണെന്ന് ഈ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

| | | |
|---|---|---|
| മോഹനൻ മാസ്റ്റർ<br>പ്രതിനിധി<br>പായം ഗ്രാമപഞ്ചായത്ത് | മനീഷ.സി.<br>മെമ്പർ<br>പായം ഗ്രാമപഞ്ചായത്ത് | ജിജി കൈപ്രത്ത്<br>സാമൂഹ്യശാസ്ത്രജ്ഞ |
| സി.എം.മുരളീധരൻ<br>റിട്ട.ഡെപ്യൂട്ടി കലക്ടർ<br>പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ | രാജൻ.പി.<br>റിട്ട.ഡെപ്യൂട്ടി കലക്ടർ<br>പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ | കെ.വി.സതീശൻ<br>അസി.എഞ്ചിനീയർ<br>(കെ.എസ്.ടി.പി.)<br>സാങ്കേതിക വിദഗ്ദ്ധൻ |

ഗോപി.എം..
സാമൂഹ്യശാസ്ത്രജ്ഞൻ
ചെയർമാൻ വിദഗ്ദ്ധസമിതി.